66 (975) കൈത്തറി തൊഴിലാളി ക്ഷേമനിധി

ശ്രീ. എം.വി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളി ക്ഷേമനിധിയിലേക്ക് അംശദായ കുടിശ്ശിക അടയ്ക്കുന്നത് ഒഴിവാക്കണമെന്ന് കണ്ണൂർ ജില്ലയിലെ മയ്യിൽ വിവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ച് വരികയാണ്.

67 (976) ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ

ശ്രീ. വെങ്ങാനൂർ പി.ഭാസ്കരൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) ഇപ്പോൾ ഏതൊക്കെ ജില്ലകളിൽ പ്രസ്തുത ക്ഷേമനിധി ബോർഡിന്റെ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇനി ഏതൊക്കെ ജില്ലകളിൽ ഓഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) ഇതുവരെ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് എന്തു തുക ഇതിനകം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) അനുവദിച്ച തുക പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് അപര്യാപ്തമായതിനാൽ അധിക തുക അനുവദിക്കണമെന്ന ബോർഡിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ കൂടുതൽ തുക അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബീഡി തൊഴിലാളി ക്ഷേമനിധിയുടേയും, ചീഫ് ഓഫീസിന്റേയും ഔപചാരിക ഉദ്ഘാടനം ഈ മാസം 5-ാം തീയതി കഴിഞ്ഞതേയുള്ളൂ. തൊഴിലാളികളുടെ രജിസ്ട്രേഷനുൾപ്പെടെയുള്ള കാര്യങ്ങളുടെ നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ.

(ബി) കണ്ണൂർ ജില്ലയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഓഫീസും, റീജിയണൽ ഓഫീസും ആരംഭിച്ചു കഴിഞ്ഞു. കോഴിക്കോട്, കാസർഗോഡ്, തൃശൂർ, കൊല്ലം എന്നീ ജില്ലകളിൽ റീജിയണൽ ഓഫീസുകൾ ആരംഭിക്കാൻ ഉത്തരവായിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 2000 മാർച്ചിൽ റീജിയണൽ ഓഫീസ് തുറക്കുന്നതാണ്.

(സി) ബീഡി തൊഴിലാളികളുടെ രജിസ്ട്രേഷനുൾപ്പെടെയുള്ള കാര്യങ്ങളുടെ നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ.

(ഡി) ഈ സ്ഥാപനത്തിന്റെ പ്രാരംഭ ചെലവുകൾക്കായി 10 ലക്ഷം രൂപ സർക്കാരിന്റെ കണ്ടിജൻസി ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) 5 ലക്ഷം രൂപ കൂടി അഡീഷണൽ ഓതറൈസേഷൻ വഴി ലഭ്യമാക്കുന്ന കാര്യം ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

68 (977) തെങ്ങ്, കവുങ്ങ് കയറ്റ തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകയറ്റ തൊഴിലാളികൾക്കും കവുങ്ങുകയറ്റ തൊഴിലാളികൾക്കും അപകടം സംഭവിച്ചാൽ 50,000 രൂപ സഹായധനം നൽകണമെന്ന് 7-ാം നമ്പർ സബ്ജക്ട് കമ്മിറ്റി ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ തീരുമാനമായിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ ഒരു കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(സി) തെങ്ങ്, കവുങ്ങ് കയറ്റ തൊഴിലാളികൾക്ക് വേണ്ടി ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള നടപടി എത്രത്തോളമായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. തീരുമാനമായിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇത് സംബന്ധിച്ച കരട് ബില്ല് തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly